**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 806** **09-10-2024 - ൽ മറുപടിയ്ക്ക്**

**അമ്പലപ്പുഴ മണ്ഡലത്തിലെ നഗറുകളുടെ നവീകരണത്തിനായി അനുവദിച്ച ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | അംബേദ്കർ ഗ്രാമവികസന പദ്ധതിയിലുൾപ്പെടുത്തി അമ്പലപ്പുഴ മണ്ഡലത്തിലെ ഏതൊക്കെ നഗറുകളുടെ നവീകരണത്തിനായി ഫണ്ട് അനുവദിച്ചുവെന്നും, എത്ര രൂപ വീതമാണ് ഓരോ നഗറുകൾക്കും അനുവദിച്ചിട്ടുള്ളതെന്നും, വർഷം, അനുവദിച്ച തുക എന്നിവ സഹിതം വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന അംബേദ്ക്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അമ്പലപ്പുഴ മണ്ഡലത്തിൽ 2022-23 വർഷത്തിൽ എം.ആർ തോട്ടുചിറ നഗറിന് വേണ്ടി 1 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി ഗ്രാമത്തിന്റെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 2022-23 വർഷം അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഒരുകോടി രൂപയുടെ പവൃത്തികൾ നടത്തുന്നതിനായി അമ്പലപ്പുഴ മണ്ഡലത്തിലെ ആമയിട തോപ്പിൽ നഗറിനെ തെരഞ്ഞെടുത്തിട്ടുണ്ട്. നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി ജില്ലാതലത്തിൽ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത നഗറുകളുടെ നവീകരണം നടത്താൻ സർക്കാർ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | എം.ആർ തോട്ടുചിറ നഗറിന്റെ നവീകരണ പ്രവൃത്തിയുടെ നിർവഹണ ഏജൻസി കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ് (KEL) ആണ് . ആമയിട തോപ്പിൽ നഗറിലെ പ്രവൃത്തി നിർവ്വഹണത്തിനായി ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ഈ സർക്കാർ അധികാരമേറ്റശേഷം അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ഏതൊക്കെ നഗറുകൾക്കാണ് തുക അനുവദിച്ചത്; എത്ര തുക വീതമാണ് അനുവദിച്ചതെന്നും, ഏത് ഏജൻസിക്കാണ് നഗറുകളുടെ നവീകരണ ചുമതല നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ? | (സി) | **പട്ടികജാതി വികസന വകുപ്പ്**<br><br>വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>**പട്ടികവർഗ്ഗ വികസന വകുപ്പ്**<br><br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ ജില്ലയിൽ 2022-23 വർഷത്തെ അംബേദ്ക്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം അരൂർ മണ്ഡലത്തിലെ കളപുരയ്ക്കൽ നഗറിനെയും, അമ്പലപ്പുഴ മണ്ഡലത്തിലെ ആമയിട തോപ്പിൽ |

| | | | |
|---|---|---|---|
| | | | നഗറിനെയുമാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഒരു കോടി രൂപ വീതമുള്ള പ്രവൃത്തികൾ നടത്തുന്നതിനാണ് അനുമതി ലഭ്യമായിട്ടുള്ളത്. കളപ്പുരയ്ക്കൽ നഗറിലെ പ്രവൃത്തി നടപ്പിലാക്കുന്നതിനായി SILK കണ്ണൂർ എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുണ്ട്. ആമയിട തോപ്പിൽ നഗറിലെ പ്രവൃത്തി നിർവ്വഹണത്തിനായി ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| വർഷം | നഗറിന്റെ പേര് | തുക |
|---|---|---|
| 2021-22- ഏജൻസി - ജില്ലാ നിർമ്മിതി | ആലുംതുരുത്ത് നഗർ | 1,00,00,000 |
| | പുലിക്കുന്ന് നഗർ | 1,00,00,000 |
| | തെറ്റിക്കുഴി നഗർ | 1,00,00,000 |
| | പുലിക്കുന്ന് നഗർ | 9,916,049 |
| | ഉളവെയ്പ് അംബേദ്കർ നഗർ | 10,000,000 |
| | ഇളയപാടം ലക്ഷംവീട് നഗർ | 10,000,000 |
| | ചാമ്പക്കണ്ടം നഗർ | 9,991,298 |
| | കുഴിക്കാല നഗർ | 9,917,945 |
| | ആര്യാട് നോർത്ത് നഗർ | 9,916,752 |
| | മങ്ങാട്ട് നഗർ | 9,984,114 |
| | കഴുന്നാരം നഗർ | 9,907,353 |
| 2022-23- ഏജൻസി ജില്ലാ നിർമ്മിതി | വലിയപറമ്പ് നഗർ | 9,999,581 |
| 2022-23- ഏജൻസി- നിർമ്മിതി | കരുവിക്കാട് നഗർ | 8,936,227 |
| 2022-23- ഏജൻസി- FIT | പന്നിശ്ശേരി നഗർ | എസ്റ്റിമേറ്റിലെ ന്യൂനത പരിഹരിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ന്യൂനത പരിഹരിച്ച് ലഭ്യമാക്കുന്ന മുറയ്ക്ക് അംഗീകാരം നൽകുന്നതാണ്. |
| 2022-23- ഏജൻസി- KEL | എം.ആർ തോട്ചിറ നഗർ | |
| 2022-23- ഏജൻസി- ജില്ലാ നിർമ്മിതി | ചേർത്തലതെക്ക് നഗർ | |
| 2023-24- ഏജൻസി- LSGD | താമരക്കുളം പുന്നക്കുറ്റി നഗർ | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും എസ്റ്റിമേറ്റ് ലഭിച്ചിട്ടില്ല. |
| | കനകാശ്ശേരി ഐ.എച്ച്.ഡി.പി. നഗർ | |
| | ചുട്ടുകാട്ടുപുറം നഗർ | |
| | മാടശ്ശേരി ക്ലസ്റ്റർ | |